"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോടതി ഉത്തരവ് മുഖാന്തിരം നിയമനം റഗുലറൈസ് ചെയ്ത സ്വീപ്പർ/സാനിട്ടഷേൻ വർക്കർ/കുക്ക് തസ്തികകളിലെ ജിവനക്കാരെ ലാബ്/ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനായുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:C4/24760/2022/DCEതിരുവനന്തപുരം തീയതി:30.09.2023

---

*പരാമർശം:*-1. OA No.859/2023 ലെ KAT യിൽ നിന്നുള്ള 27/07/2023 ലെ ഇടക്കാല ഉത്തരവ്

2.സർക്കാർ ഉത്തരവ് (ആർ.ടി)നം.1601/2019/ഉ.വി.വ തീയതി 02/09/2019,

3.സർക്കാർ ഉത്തരവ് (ആർ.ടി)നം.132/2020/ഉ.വി.വ തീയതി 25/01/2020

4.സർക്കാർ ഉത്തരവ് (ആർ.ടി)നം.409/2022/ഉ.വി.വ തീയതി 11/03/2022

5. കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി6/32029/2015/കോ.വി.വ തീയതി 26/04/2022

6.08/09/2016 തീയതിയായി പ്രസിദ്ധീകരിച്ച C4/20099/16/DCE നമ്പരായി സീനിയോറിറ്റി ലിസ്റ്റ്

7.സ.ഉ(സാ.ധാ)നം.450/2023/HEDN തീയതി 27/03/2023

8.സർക്കാർ കത്ത് നം.എഫ് 1/122/2023/ഉ.വി.വ തീയതി 04/08/2023

9.08/09/2016 ലെ സി4/20099/16/DCE നമ്പർ സീനിയോറിറ്റി ലിസ്റ്റ്

10.08/08/2023 ലെ ഇതേ നമ്പർ സർക്കുലർ

11.12/09/2023 ലെ അതേ നമ്പർ സർക്കുലർ

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ കോളേജുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം അതാത് പ്രിൻസിപ്പാൾമാർ താത്ക്കാലിക അടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്ക് നിയമിച്ച സ്വീപ്പർ/സാനിട്ടേഷൻ വർക്കർ/കുക്ക് തസ്തികകളിൽ ജോലി ചെയ്തിരുന്നവരുടെ (19 പേർ) താത്ക്കാലിക നിയമനം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്മാർ ജോലിയിൽ പ്രവേശിച്ച തിയതി പ്രാബല്യത്തിൽ സീനിയോറിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതിന് സർക്കാർ പരാമർശം (2) മുതൽ (4)വരെ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ടി സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പരാമർശം (5) ഉത്തരവ് പ്രകാരം ടിയാന്മാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താത്ക്കാലികമായി ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ക്രമീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ടി ജീവനക്കാരിൽ സേവനഭംഗം വന്ന 8 പേരുടെ ടി കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് പരാമർശം (7) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

തുടർന്ന് 08/09/2016 ലെ C4/20099/16/DCE നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ലാബ്/ലൈബ്ററി/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ടി ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരുന്നു. ഇവരുടെ നിയമനം മുൻകാല പ്രബല്യത്തിൽ ക്രമീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പടുവിച്ചതിനാൽ ഇവർ ജോലിയിൽ പ്രവേശിച്ച തിയതി പ്രബല്യത്തിൽ മുൻഗണനയ്ക്ക് അർഹതയുണ്ട്. എന്നാൽ KS&SSR റൂൾ 27 ബി പ്രകാരം ഒരിക്കൽ അന്തിമരൂപം നൽകിയ മുൻഗണന പട്ടികയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ ടി ജീവനക്കാരുടെ സേവനവിവരങ്ങൾ പരിശോധിച്ച് ഓരോരുത്തരുടെയും നിലവിലെ സീനിയോറിറ്റി ലിസ്റ്റിലെ മുൻഗണനാക്രമം നിശ്ചയിച്ച് സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുകയും KS&SSR റൂൾ 27 ബി യിലെ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി ജീവനക്കാരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (8) പ്രകാരം സർക്കാർ അനുമതി ലഭ്യമാകുകയും ചെയ്തിരുന്നു.

KS&SSR റൂൾ 27 ബി യിലെ വ്യവസ്ഥകൾ പാലിക്കുന്നതിന്റെ ഭാഗമായി ടി ജീവനക്കാരുടെ സീനിയോറിറ്റി

ലിസ്റ്റിലെ സ്ഥാനം താത്ക്കാലികമായി നിർണ്ണയിക്കുകയും പ്രസ്തുത സ്ഥാനനിർണ്ണയം ബാധിക്കുന്ന മറ്റ് ജീവനക്കാരിൽ നിന്ന് പരാതി സ്വീകരിച്ച് പരാമർശം (10) പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അതിൻ പ്രകാരം നിരവധി പരാതികൾ ലഭിക്കുകയും അവരിൽ നേരിൽ കേൾക്കണമെന്നും/ഓൺലൈനായി കേൾക്കണമെന്നും ആവശ്യപ്പെട്ടവർക്കും സമയമനുവദിച്ച് പരാമർശം (11) പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയും ടി ജീവനക്കാരെ നേരിലും/ഓൺലൈനായും കേൾക്കുകയും ചെയ്തിരുന്നു. സമാന സ്വഭാവമുള്ള പരാതികളാണ് ടി ജീവനക്കാർ ഉന്നയിച്ചത്. മുൻകാല്യ പ്രബല്യത്തോടെ താൽകാലിക നിയമനം ക്രമീകരിച്ചത് മൂലം ടിയാളുകളുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നതിലെ വിഷയങ്ങളാണ് പരാതിയിൽ പ്രധാനമായും സൂചിപ്പിച്ചിട്ടുള്ളത് ടി പരാതികളും ഇവർ നൽകിയ നിവേദങ്ങളും ഹിയറിംഗ് സമയത്ത് സമർപ്പിച്ച/ ഉന്നയിച്ച് വിഷയങ്ങളിൽ കഴമ്പില്ല മാത്രവുമല്ല ബഹു.കെ.എ.റ്റി യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇവരുടെ താൽകാലിക നിയമനം മുൻകാല്യ പ്രബല്യത്തോടെ ക്രമീകരിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. ബഹു.കെ.എ.റ്റി യുടെ ഈ തിരുമാനം ബഹു.ഹൈകോടതിയും, സുപ്രിം കോടതിയും ശരിവെച്ചിട്ടുണ്ട്. കൂടാതെ ബഹു.കെ.എ.റ്റി ഇവർക്ക് അർഹതപ്പെട്ട ബൈ ട്രാൻസ്ഫർ നിയമനം അനുവദിക്കാൻ പരാമർശം (1) പ്രകാരം നിലവിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ഇവർക്ക് മുൻഗണന പട്ടികയിൽ അർഹത പെട്ട സ്ഥാനം നൽകുന്നതിനെതിരെയുള്ള പരാതികൾ അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

മേൽ സാഹചര്യത്തിലും ബഹു.കെ.എ.റ്റി യുടെ ഉത്തരവുകളുടെ അടിസ്ഥനത്തിലും ടി ജീവനക്കാരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് KS&SSR റൂൾ 27 ബി പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായ സാഹചര്യത്തിലും ടി സൂചിപ്പിച്ച 19 പേരെയും അവർ ആദ്യം ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണന സ്ഥാനം നല്കി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പരാമർശം (9) മുൻഗണന പട്ടികയിൽ അവർക്കർഹമായ സ്ഥാനങ്ങളിൽ തഴെപ്പട്ടികപ്പെടുത്തിയ പ്രകാരം ഉൾപ്പെടുത്തി മുൻഗണന പട്ടിക ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| Sl No. | Name | Present working Institution | Designation | Date of Appointment order | **Joining Date** | DOB | Qualification | Place to be included in the Seniority List |
|---|---|---|---|---|---|---|---|---|
| 1 | Beena T K | Govt.College Madappally | Sanitation Worker | 02/12/2009 | **05/12/2009** | 02/03/1973 | SSLC | 91A |
| 2 | Lalitha P.K | Govt College Mokeri | Sweeper | 02/12/2009 | **07/12/2009** | 22/05/1969 | SSLC | 91B |
| 3 | Suresh R M | Govt.Arts & Science College, Nadapuram | Sanitation Worker | 02/12/2009 | **07/12/2009** | 14/05/1971 | SSLC | 91C |
| 4 | Bindu T | Govt.College Madappally | Sanitation Worker | 16/12/2009 | **26/12/2009** | 27/01/1970 | SSLC | 92A |
| 5 | Anila K N | Govt.College Madappally | Sweeper | 16/12/2009 | **26/12/2009** | 30/05/1972 | SSLC | 92B |
| 6 | Santha P | Govt.College, Karyavattom | Sanitation Worker | 01/02/2010 | **01/02/2010** | 20/05/1966 | SSLC failed | Retired 104A |
| 7 | Girija D | Govt.College, Karyavattom | Sweeper | 01/02/2010 | **01/02/2010** | 27/05/1969 | SSLC Failed | 104B |
| 8 | Sushakumari V | Govt.College, Karyavattom | Sanitation Worker | 01/02/2010 | **01/02/2010** | 08/05/1971 | SSLC failed | 104C |
| 9 | Sreeja V | Govt.Arts College, Thiruvananthapuram | Sweeper | 01/02/2010 | **01/02/2010** | 26/03/1979 | SSLC | 104D |
| 10 | Pathumma M B | MCRV Hostel Eranakulam | Cook | 02/03/2012 | **26/03/2012** | 30/05/1976 | SSLC | 193A |
| 11 | Sujamol.N.K | MCRV Hostel Eranakulam | Sanitation Worker | 29/05/2012 | **05/06/2012** | 20/04/1973 | SSLC | 204A |
| 12 | Nalini P K | Govt.College Malappuram | Sanitation Worker | 25/09/2013 | **26/09/2013** | 17/04/1965 | SSLC | 291A |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | Sheeja Rani H L | Govt.Sanskrit College Thiruvananthapuram | Sweeper | 13/01/2015 | **23/01/2015** | 15/05/1973 | SSLC | 393A |
| 14 | Maria K | Govt.College of Teacher Education, Thiruvananthapuram | Sweeper | 02/02/2015 | **12/02/2015** | 15/05/1964 | SSLC failed | 396A |
| 15 | Lekha T | Govt.College for Women, Thiruvananthapuram | Sweeper | 03/03/2015 | **18/03/2015** | 20/05/1973 | Std VII | 405A |
| 16 | Sailaja S | Govt.College for Women, Thiruvananthapuram | Sweeper | 03/03/2015 | **20/03/2015** | 28/05/1964 | SSLC failed | 405B |
| 17 | Sheeja K G | Govt.College for Women, Thiruvananthapuram | Sanitation Worker | 03/03/2015 | **20/03/2015** | 26/04/1966 | SSLC | 405C |
| 18 | Lekha P S | Govt.College for Women, Thiruvananthapuram | Sweeper | 03/03/2015 | **20/03/2015** | 05/05/1970 | SSLC | 405D |
| 19 | Sunitha Beevi S | Govt.College for Women, Thiruvananthapuram | Sanitation Worker | 03/03/2015 | **10/04/2015** | 20/05/1970 | SSLC | 406A |

മേൽ ഭേദഗതിയോടെ പരാമർശം (9) മുൻഗണന പട്ടിക നിലനില്ക്കുന്നതായിരിക്കും.

ഈ ഉത്തരവ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള OP(KAT)324/2018 യുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

# Approval Valid

Digitally Approved By
അസീം എ
Date: 30.09.2023
Reason: Approved

Sd/-
അസീം എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

പകർപ്പ്,

1. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
2. ആസ്ഥാന കാര്യാലയത്തിലെ ബന്ധപ്പെട്ട സെക്ഷനുകൾക്ക്
3. സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)